**File No.CT/15318/2019-P2**

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

**ടാക്സ്ടവർ ,കരമന**
**കിള്ളിപ്പാലം, തിരുവനന്തപുരം**
**തീയതി :11/06/2021**

## പത്രക്കുറിപ്പ്

## ചരക്ക് സേവന നികുതി വകുപ്പ് ആംനെസ്റ്റി പദ്ധതി –2021: ഓപ്ഷൻ ഇപ്പോൾ സമർപ്പിക്കാം

തിരുവനന്തപുരം: ചരക്കുസേവന നികുതി നിയമം നിലവിൽ വരുന്നതിനു മുൻപുണ്ടായിരുന്ന നികുതി നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 2021 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിലേക്ക് വ്യാപാരികൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം .

ആംനസ്റ്റി പദ്ധതി പ്രകാരം കേരള മൂല്യവർദ്ധിത നികുതി, കേന്ദ്ര വിൽപന നികുതി, കാർഷികാദായ നികുതി, പൊതു വിൽപന നികുതി, ആഡംബരനികുതി, സർചാർജ്, എന്നീ നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകൾക്ക് ഓപ്ഷൻ സമർപ്പിക്കാം. പിഴയിലും പലിശയിലും 100% ഇളവ് ലഭിക്കും എന്നാൽ കേരള പൊതു വിൽപന നികുതി നിയമപ്രകാരം 2005 നു ശേഷമുള്ള കുടിശ്ശികക്ക് പിഴ മാത്രമേ ഒഴിവാക്കിയിട്ടുള്ളൂ. കുടിശ്ശിക ഒരുമിച്ച് അടയ്ക്കുന്നവർക്ക് നികുതി കുടിശ്ശികയുടെ 40 ശതമാനവും തവണകളായി അടയ്ക്കുന്നവർക്ക് 30 ശതമാനവും ഇളവ് ലഭിക്കും. കോടതികളിൽ വകുപ്പ്തല അപ്പീൽ നൽകിയിട്ടുള്ള കേസുകൾക്കും ആംനസ്റ്റി ബാധകമാണ്

വ്യാപാരികളുടെ കുടിശ്ശിക വിവരങ്ങൾ ചരക്ക് സേവന നികുതി വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. ഓപ്ഷൻ സമർപ്പിക്കുന്നതിന് നികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralataxes.gov.in സന്ദർശിച്ച് ഒറ്റത്തവണ രജിസ്ട്രേഷൻ എടുക്കണം . കുടിശ്ശികകൾ വാർഷികാടിസ്ഥാനത്തിൽ കണക്കാക്കി ഒരോ വർഷത്തേയ്ക്കും പ്രത്യേകം ഓപ്ഷൻ സമർപ്പിക്കാനും സൗകര്യമുണ്ട്.. വെബ്സൈറ്റിൽ നൽകിയിരിക്കുന്ന കുടിശ്ശിക വിവരങ്ങൾ ശരിയാണെങ്കിൽ വ്യാപാരികൾക്ക് ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്. എന്തെങ്കിലും തിരുത്തലുകൾ ആവശ്യമാണെങ്കിൽ തിരുത്തലുകൾ വരുത്തിയതിനു ശേഷം ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത ഓപ്ഷൻ നികുതിനിർണ്ണയ അധികാരി പരിശോധിച്ച് അംഗീകരിച്ച ശേഷം ഓൺലൈനായി കുടിശ്ശിക ഒടുക്കാവുന്നതാണ്.

## File No.CT/15318/2019-P2

# ആംനസ്റ്റി പദ്ധതി 2021 പ്രധാന ആകർഷണങ്ങൾ

1. പിഴയിലും പലിശയിലും 100% ഇളവ്.*
2. കുടിശ്ശിക ഒരുമിച്ച് അടയ്ക്കുന്നവർക്ക് നികുതി കുടിശ്ശികയുടെ 40% ഇളവ്.
3. കുടിശ്ശിക തവണകളായി അടയ്ക്കുന്നവർക്ക് 30% ഇളവ്.
4. ഒരു പ്രത്യേക അസ്സെസ്സ്മെന്റ് വർഷത്തിലെ കുടിശ്ശിക മാത്രമായി ഒടുക്കാവുന്നതാണ്. (ആ വർഷത്തെ എല്ലാ കുടിശ്ശികയും ചേർത്ത് ഓപ്ഷൻ സമർപ്പിക്കണം)
5. വകുപ്പുതല അപ്പീൽ ഉൾപ്പെടെയുള്ള കേസുകൾക്ക് ആംനസ്റ്റി ബാധകം
6. ഡിമാൻഡ് നോട്ടീസിന് ശേഷം അടച്ചിട്ടുള്ള തുകയ്ക്ക് നികുതിയിൻമേൽ ക്രഡിറ്റ് കൊടുക്കുന്നതാണ്.
7. മുൻപ് പ്രഖ്യാപിച്ച ആംനസ്റ്റിയിൽ ഓപ്ഷൻ നൽകി കുടിശ്ശിക അടയ്ക്കാൻ കഴിയാത്തവർക്കും ഈ സ്കീം തിരഞ്ഞെടുക്കാവുന്നതാണ്.
8. ഈ പദ്ധതി പ്രകാരം തീർപ്പായ കേസുകളിൽ റീഫണ്ട് അനുവദിക്കുന്നതല്ല.
9. റവന്യൂ റിക്കവറി നടപടികൾ തുടരുന്ന കേസുകളിൽ ആംനസ്റ്റി പദ്ധതി സ്വീകരിച്ചാൽ കളക്ഷൻ ഫീസ് ഈടാക്കുന്നതല്ല.

*2005 ന ശേഷമുള്ള കേരള പൊതു വിൽപന നികുതി കുടിശ്ശികക്ക് പിഴ മാത്രമേ ഒഴിവാക്കിയിട്ടുള്ളു..

Sd/-
COMMISSIONER